തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന Regional SPARK help desk നൊപ്പം എറണാകുളം, കോഴിക്കോട് ജില്ലാ ട്രഷറികളിലും help desk-കൾ ആരംഭിക്കുന്നതാണ്. 25-1-2016 മുതൽ SPARK-PMU-ന്റെ പ്രവർത്തന സമയം 9 മുതൽ 6 വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. പുതിയ സംവിധാനത്തിലെ സംശയ ദൂരീകരണത്തിനായി ജില്ലാ തലത്തിൽ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിച്ചുവരുന്നു.

ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം

68 (1808) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളം ഇനി മുതൽ ഒന്നിച്ച് മാറിയെടുക്കണമെന്ന ധനവകുപ്പിന്റെ ഉത്തരവ്മൂലം ട്രഷറി വകുപ്പ് അടച്ചു പൂട്ടുന്ന സ്ഥിതിയിലേയ്ക്കും മാറുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂരിപക്ഷം ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ശമ്പളം മുഴുവനായി പിൻവലിക്കാത്തത് കാരണം ബാക്കി തുക നിക്ഷേപമായി സർക്കാരിന് ഉപയോഗിക്കത്തക്ക രീതിയിൽ കിടക്കുമായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ മുമ്പ് ഉണ്ടായിരുന്ന സംവിധാനം നിലനിർത്തി ട്രഷറി സേവിങ്സ് ബാങ്ക് സംവിധാനം ശക്തിപ്പെടുത്തി സംസ്ഥാന ഖജനാവിന് കൂടുതൽ ശക്തി പകരുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി)

സംസ്ഥാനത്ത് സംയോജിത ധനകാര്യ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പരിഷ്കാരങ്ങളിലൊന്നാണ് 'ഒരു ഓഫീസ് ഒരു ഡി.ഡി.ഒ. സംവിധാനം'. 7-9-2015-ലെ സ.ഉ.(സാധാ) നമ്പർ 391/2015/ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം one office one DDO സിസ്റ്റം വഴിയാക്കുകയുണ്ടായി. ഇതുവഴി ഗസറ്റഡ് ഉദ്യോഗസ്ഥർ സ്വന്തമായി ബില്ലെഴുതി ശമ്പളം മാറുന്ന സമ്പ്രദായം നിർത്തലാക്കുകയും പ്രസ്തുത ചുമതല ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ.യിൽ നിക്ഷിപ്തമാകുകയും ചെയ്തു. 17-11-2015-ലെ സർക്കുലർ നമ്പർ 87/2015/ധന. യിൽ ഇതുസംബന്ധിച്ചുള്ള വിശദീകരണവും നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗസറ്റഡ് ഓഫീസർമാർ സ്വന്തമായി ശമ്പളബില്ലുകൾ എഴുതി മാറിയിരുന്ന രീതിയിൽ മാറ്റം വരുത്തി പ്രസ്തുത ചുമതല ഡി.ഡി.ഒ. മാർക്ക് നൽകുക മാത്രമാണ് പുതിയ സംവിധാനത്തിലുള്ളത്. നേരത്തെ നിലവിലുള്ളതുപോലെ തുടർന്നും ഗസറ്റഡ് ഓഫീസർമാർക്ക് ശമ്പളം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയോ ബാങ്ക് അക്കൗണ്ട് വഴിയോ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യത്തിൽ യാതൊരുവിധ മാറ്റവും പുതിയ സംവിധാനത്തിൽ വരുത്തിയിട്ടില്ല. ആയതിനാൽ പുതിയ ഉത്തരവ് വഴി ട്രഷറി അടച്ചുപൂട്ടുമെന്നും ബാങ്കുകൾ വൻനേട്ടമുണ്ടാക്കുമെന്നുമുള്ള ആശങ്ക അസ്ഥാനത്താണ്.

സെയിൽസ് ടാക്സ്, എക്സൈസ് ടാക്സ് വരുമാനം

69 (1809) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 സാമ്പത്തിക വർഷം സെയിൽസ് ടാക്സ് ഇനത്തിൽ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; ബിവറേജസ് കോർപ്പറേഷനിൽ നിന്ന് പ്രസ്തുത വർഷങ്ങളിൽ സർക്കാരിന് ലഭിച്ച സെയിൽസ് ടാക്സ്, എക്സൈസ് വരുമാനം എത്രയാണ്?

ഉത്തരം

2014-15, 2015-16 സാമ്പത്തിക വർഷം സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനവും പ്രസ്തുത വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷനിൽനിന്ന് സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനവും ചുവടെ ചേർക്കുന്നു:

വർഷം	സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനം (തുക കോടിയിൽ)
2014-15	27870.90
2015-16 (31-1-2016 വരെ)	24657.27

വർഷം	ബിവറേജസ് കോർപ്പറേഷനിൽ നിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ലഭിച്ച വരുമാനം (തുക കോടിയിൽ)